കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ-പി9-993/25തീ. 26/08/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/08/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ-പി9-993/25തീ. 26/08/2025 തീയ്യതി: 26/08/2025

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽകുമാർ റ്റി	ഡെപ്യൂട്ടി ഡയറക്ടർ	25-07-2025	04-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-07-2025	04-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ (31.7.2025 വരെ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഷാജി കെ ശാമുവേൽ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ഷാഹുൽ ഹമീദ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സെബാസ്റ്റ്യൻ ആർ മോറിസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	03-09-2024
ശ്രീ. വിജയകുമാർ കെ	അസിസ്റ്റന്റ് സെക്രട്ടറി	04-09-2024	31-03-2025
ശ്രീമതി സൂര്യ എസ് നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	08-09-2024
ശ്രീമതി ഗൗതമി ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	09-09-2024	05-11-2024
ശ്രീമതി സൂര്യ എസ് നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	06-11-2024	30-11-2024
ശ്രീമതി ഗൗതമി ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-12-2024	31-03-2025
ശ്രീമതി ആലിയ ഫർസാന	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. വിജി വിജയൻ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി രമ്യ കെ ബി	വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ, തണ്ണിത്തോട് സർക്കിൾ	01-04-2024	31-03-2025
ശ്രീമതി അജ്മി എസ്	വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ, എലിമുള്ളുംപ്ലാക്കൽ സർക്കിൾ	01-04-2024	31-03-2025
ഡോ. കിൻ രവി	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	01-04-2024	27-02-2025
ഡോ. പത്മനാഭൻ എം	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	28-02-2025	31-03-2025
ഡോ. ആശ വി ശശി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീമതി അഞ്ജന മോഹൻ	ഡെയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. ജയചന്ദ്രൻ ആർ	പ്രഥമദ്ധ്യാപകൻ, ഗവ. വെൽഫയർ യു.പി.എസ്, തണ്ണിത്തോട്	01-04-2024	31-03-2025
ശ്രീമതി ബിന്ദു വി നായർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	21-04-2024
ശ്രീമതി ഷീജ എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	22-04-2024	31-07-2024
ശ്രീമതി മിനിമോൾ റ്റി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ്ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-2
4	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല	1-1-3
5	സമയബന്ധിതമായി ജേണൽ എൻട്രികൾ നടത്തുന്നില്ല	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	ചെലവ് ചെയ്ത തുക നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നു	1-1-6
8	ആധികാരിക രേഖകളുടെ അഭാവത്തിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.	1-1-7
9	ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച തുക ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു	1-1-8
10	തുക ചെലവ് ചെയ്തത് ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-9
11	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.	1-1-10
12	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തില്ല	1-1-11
13	വാർഷിക കണക്കുകളിലെ തുകയും സഞ്ചയയിലെ ഡി.സി.ബി.യും പൊരുത്തപ്പെടുന്നില്ല	1-1-12
14	ആർ.ബി.ഐ. ഡെഫ് അക്കൗണ്ടിലേക്ക് മാറ്റിയ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.	1-1-13
15	ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ ചെലവ് നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-14
16	ബഡ്ജറ്റ്	1-2
17	സാമ്പത്തിക വിശകലനം	1-3
18	ഗ്രാന്റ് വിനിയോഗം	1-4
19	പദ്ധതി അവലോകനം	1-5
20	തൊഴിലുറപ്പ് പദ്ധതി	1-6
21	ക്ഷേമ പദ്ധതികൾ	1-7
22	ക്യാഷ് പരിശോധന	1-8
23	ആഭ്യന്തര നിയന്ത്രണം	1-9
24	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
25	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-11
26	അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചു	1-12
27	ഒക്യുപ്പൻസി അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലും അപാകതകൾ	1-13
28	അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ ഹോം സ്റ്റേ പ്രവർത്തിപ്പിക്കുന്നു	1-14
29	റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു	1-15
30	പഞ്ചായത്തിന് തൊട്ടടുത്ത് അനധികൃത കെട്ടിടത്തിൽ ഹോട്ടൽ	1-16

	പ്രവർത്തിക്കുന്നു	
31	വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല	1-17
32	ലൈബ്രറി സെസ്സ് അടവാക്കുന്നില്ല	1-18
33	വനിതകൾക്ക് യോഗ പരിശീലനം - പരിശീലകയ്ക്ക് അധിക തുക നൽകി	1-19
34	മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല	1-20
35	അങ്കണവാടികളിൽ ന്യൂട്രീ ഗാർഡൻ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-21
36	ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുക - പ്രവർത്തി പൂർത്തീകരണത്തിനു ശേഷം അധികം വന്ന തുക തിരികെ ഈടാക്കിയില്ല	1-22
37	എസ്.എസ്.കെ പദ്ധതി - വിനിയോഗ വിവരങ്ങൾ പൂർണ്ണമല്ല	1-23
38	ഭാഗീകമായി നടപ്പിലാക്കിയ പ്രോജക്ടുകൾ പൂർത്തീകരിക്കണം	1-24
39	കന്നുകുട്ടി പരിപാലനം - ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചില്ല	1-25
40	മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം	1-26
41	പ്രഭാതഭക്ഷണ പരിപാടി എല്ലാ സ്കുളുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്	1-27
42	അഗതിരഹിത കേരളം പദ്ധതിയ്ക്ക് വകയിരുത്തിയ തുക ചെലവഴിച്ചില്ല	1-28
43	ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-29
44	കാർഷിക വിപണന കേന്ദ്രം ഉപയോഗശൂന്യമായി നിലകൊള്ളുന്നു	1-30
45	പേരുവാലി കുടിവെള്ള പദ്ധതി പൂർത്തീകരണം നീളുന്നു	1-31
46	കുടിവെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക 58.55ലക്ഷം	1-32
47	അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല	1-33
48	അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രോജക്ടുകൾ നടപ്പാക്കിയില്ല	1-34
49	ഹെൽത്ത് ഗ്രാന്റ്- അവലോകനം	1-35
50	ജൽ ജീവൻ പദ്ധതി - അവലോകനം	1-36
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	വനിതകൾക്ക് യോഗ പരിശീലനം - പരിശീലകയ്ക്ക് അധികം തുക നൽകി	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ , KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.05.2025-ലെ 2/1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 24.05.2025- ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
26/08/2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിനോടൊപ്പം 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62-ൽ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന അനുപാതങ്ങൾ (Ratios), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെപ്പറ്റിയുള്ള കുറിപ്പുകൾ (Notes To Accounts) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ്ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രിക പ്രകാരം തൻവർഷത്തെ ആകെ കാഷ്ഫ്ലോ

(ഓപ്പറേറ്റിംഗ്+ഇൻവെസ്റ്റിംഗ്+ഫിനാൻസിംഗ്) 103886832 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 11514415 രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല

1. ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ Prior Period Items (I-19) ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യതയും ജേണൽ എൻട്രികൾ മുഖേന നടത്തിയിട്ടുള്ള മറ്റ് ഇടപാടുകളും അഡ്ജസ്റ്റ്മെന്റുകളും ക്രമപ്രകാരമാണോയെന്നും പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2. 2011-ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ഉചിതമായ ശീർകത്തിൽപ്പെടുത്തി ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ജേണൽ എൻട്രികളെ സാധൂകരിക്കുന്ന അംഗീകരിക്കപ്പെട്ട വൗച്ചറുകളും സബ്‌വൗച്ചറുകളും സൂക്ഷിക്കേണ്ടതായുമുണ്ട്. എന്നാൽ നിലവിൽ ജേണൽ എൻട്രികൾക്ക് വൗച്ചർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-1-4 സമയബന്ധിതമായി ജേണൽ എൻട്രികൾ നടത്തുന്നില്ല

ഷെഡ്യൂൾ ബി.3.-

വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ചെലവുകൾ അവ നടന്ന സമയത്ത് തന്നെ ബന്ധപ്പെട്ട ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. 31.03.2025-ൽ ഒറ്റ എൻടിയായാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുടെ വിവരങ്ങളും തുകയും പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാ

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി.4.-

320100196- Integrated Child Development Scheme ശീർഷകത്തിൽ കാണിച്ചിട്ടുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റിന്റെ നീക്കിയിരിപ്പ് തുക 3800046 രൂപയാണ്. എന്നാൽ പ്രസ്തുത ഗ്രാന്റ് സൂക്ഷിച്ചിട്ടുള്ള കേരള ബാങ്ക് (സെൻട്രൽ & സ്റ്റേറ്റ് ഷെയർ), എസ്.ബി.ഐ. ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ നീക്കിയിരിപ്പ് 2978799 രൂപ മാത്രമാണ്.

1-1-6 ചെലവ് ചെയ്ത തുക നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നു

ഷെഡ്യൂൾ ബി.4.-

320100174-Swaccha Bharat Abhiyan (Rural And Urban) ശീർഷകത്തിൽ കാണിച്ചിട്ടുള്ള 192000 രൂപ പി.എഫ്.എം.എസ്. മുഖേന നടത്തിയിട്ടുള്ള പേയ്മെന്റാണ്. ആയത് ബന്ധപ്പെട്ട ഹെഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

1-1-7 ആധികാരിക രേഖകളുടെ അഭാവത്തിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

ഷെഡ്യൂൾ ബി.4.-

1. 320200101-Development Fund-General-Capital എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. മുൻവർഷ തുക തന്നെ നീക്കിയിരിപ്പായി തുടരുന്നു.

2. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ റീടെൻഷൻ തുകകൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബേസിക്, ടൈഡ് ഗ്രാന്റുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

1-1-8 ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച തുക ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു

ഷെഡ്യൂൾ ബി.9.-

350300101- Government And Other Dues Payable-Library Cess ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 321307 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്ക് വരുത്താതെ ബാധ്യതയായി നിലനിൽക്കുന്നു.

1-1-9 തുക ചെലവ് ചെയ്തത് ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

ഷെഡ്യൂൾ ബി.11(b)

എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്ക് പ്രകാരം വിവിധ പ്രവർത്തികൾക്ക് 5951414 രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട് എന്നാൽ Capital Work In Progress ശീർഷകത്തിൽ കാണിച്ചിട്ടുള്ളത് 1797697 രൂപ മാത്രമാണ്.

1-1-10 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഷെഡ്യൂൾ ബി.11.-

ആസ്തി രജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തൽ നടത്തി ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

ഷെഡ്യൂൾ ബി.18.-

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

1-1-11 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തില്ല

ഷെഡ്യൂൾ ഐ.1-

സാമ്പത്തിക വർഷാരംഭത്തിൽ ഡിമാന്റ് എൻട്രികൾ നടത്തിയിട്ടില്ല. എല്ലാ ഡിമാന്റ് എൻട്രികളും 31.03.2025-ലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2011-ലെ കേരള (പഞ്ചായത്ത് രാജ്) അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, തിരിച്ച് നൽകൽ/കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും എഴുതിത്തള്ളൽ, പിരിവിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട്സിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രകാരം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കി സാംഖ്യയിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.

1-1-12 വാർഷിക കണക്കുകളിലെ തുകയും സഞ്ചയയിലെ ഡി.സി.ബി.യും പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി.15, ഐ1, ആർ.പി.45-

റസിഡെൻഷ്യൽ, നോൺ റസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

1-1-13 ആർ.ബി.ഐ. ഡെഫ് അക്കൗണ്ടിലേക്ക് മാറ്റിയ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഷെഡ്യൂൾ ബി.17.

ദീർഘനാളുകളായി ട്രാൻസാക്ഷനുകൾ ഇല്ലാതിരുന്നതിനാൽ State Bank Of India(SSA)-67056151583 അക്കൗണ്ടിൽ ബാലൻസുണ്ടായിരുന്ന 193343 രൂപ 25.04.2022-ൽ ആർ.ബി.ഐ. ഡെഫ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

1-1-14 ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ ചെലവ് നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ഐ.6-

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ്, നീക്കിയിരിപ്പ് തുകകൾ സുലേഖ , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് 6.2.2024-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.3.2025-ലെ 2(1) -ാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ഇനം	*പ്രതീക്ഷിച്ചത്*		*യഥാർത്ഥിലുള്ളത്*	
	പഴയത്	പുതുക്കിയത്	റസീപ്റ്റ് & പേയ്മെന്റ്	ഇൻകം & എക്സ്പെൻഡീച്ചർ
മുന്നിരിപ്പ്	911209	35749	14962991	
വരവ്	231694771	234253034	55815849	
ആകെ	232605980	234288783	70778840	188792310
ചെലവ്	231334771	232315162	44301434	185448886
നീക്കിയിരിപ്പ്	1271209	1973621	26477206	

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ്	ഇൻകം & എക്സ്പെൻഡീച്ചർ
മുന്നിരിപ്പ്	14962991	
വരവ്	55815849	188792310
ആകെ	70778840	
ചെലവ്	44301434	185448886
നീക്കിയിരിപ്പ്	26477206	

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	2025-26-ൽ ക്യാരി ഓവർ ചെയ്ത് ലഭിക്കുന്ന തുക	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	44103000	44103000	41193084	2909916	0	0
വികസന ഫണ്ട് (എസ്.സി.പി)	0	3650000	3650000	3650000	0	0	0
വികസന ഫണ്ട് (റ്റി.എസ്.പി)	0	268000	268000	265975	2025	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	-2056514	17177270	15120756	9065242	0	5799114	256400
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	8568578	7521054+ 389412 (പലിശ)	16479044	6511108	0	9967936	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	9145000	9145000	8147650	997350	0	0
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	7556000	7556000	6412191	1143809	0	0
സംസ്ഥാനാവിഷ്കൃത ഫണ്ട്							

ശുചിത്വ മിഷൻ	563761	0	563761	297462	0	266299	0
കേന്ദ്രാവിഷ്കൃത ഫണ്ട്							
MGNREGS	100	39922609	39922709	39922709	0	0	0
ഐ.സി.ഡി.എസ്	2995648	1393991	4389639	589593	0	3800046	0
സ്വച്ഛ് ഭാരത് മിഷൻ	0	522231	522231	522231	0	0	0
പ്രത്യേക ഗ്രാന്റ്							
Health Grant Towards Conversion Of Rural PHC & Sub Centre	18277	466000+ 673	484950	7350	0	477600	0
Health Grant Towards Support For Diaganostic Infrastructure To PHCs	273276	276000+ 7247	556523	247772	0	308751	0
Health Grant Towards Buildingless Sub Centres, PHCs And CHCs	2814519	76602	2891121	94614	0	2796507	0

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

A. പൊതുവിഭാഗം, എസ്.സി.പി, വിഭാഗം വികസന ഫണ്ടുകളുടെ ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുക, അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി നൽകേണ്ട തുക എന്നിവ സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആകെ അലോട്ട്മെന്റ് തുക വരവായി എടുക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷം അനുവദിച്ച തുകയാണ് ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവായി എടുത്തിട്ടുള്ളത്. തൻമൂലം വികസന ഫണ്ട് പോതുവിഭാഗം, എസ്.സി.പി. എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	യഥാർത്ഥ അലോട്ട്മെന്റ്	സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക		അനുവദിച്ച അറ്റ തുക	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്
		KURDFC ലോൺ തിരിച്ചടവ്	അങ്കണവാടി- അധിക വേതനം		
വികസന ഫണ്ട്-പൊതുവിഭാഗം	44103000	913903	1033800	42155297	42155297
വികസന ഫണ്ട്-എസ്.സി.പി.	3650000	88027	-	3561973	3561973

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് അംഗീകാരം ലഭിച്ച 319 പ്രോജക്ടുകളിൽ 257 എണ്ണം നടപ്പിലാക്കി (80%). വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വകയിരുത്തലും ചെലവ് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു-

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം			വകയിരുത്തിയ തുക	നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം			ചെലവഴിച്ച തുക	ചെലവ് ശതമാനം
	പുതിയത്	സ്പിൽ ഓവർ	ആകെ		പുതിയത്	സ്പിൽ ഓവർ	ആകെ		

സെക്രട്ടറി	21	12	33	13303231	19	8	27	13008075	97.8
അസിസ്റ്റന്റ് സെക്രട്ടറി	9	1	10	3040000	7	0	7	1387868	45.6
അസിസ്റ്റന്റ് എഞ്ചിനീയർ	58	68	126	47680559	33	58	91	28640852	60.1
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25	13	38	49846673	17	12	29	18830202	37.8
കൃഷി ഓഫീസർ	13	5	18	7482321	13	4	17	4589828	61.3
വെറ്ററിനറി സർജൻ	13	6	19	9067730	12	6	18	5136547	56.6
മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	21	5	26	4989376	13	4	17	3247113	65.1
മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി	6	1	7	1536545	6	1	7	1421220	92.5
ഐ.സി.ഡിയഎസ് സൂപ്പർവൈസർ	16	5	21	6681103	12	5	17	4511033	67.5
എച്ച്.എം, ഗവ. വെൽഫയർ യു.പി.എസ്	12	7	19	3100520	9	6	15	2165367	69.8
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	2	650000	1	1	2	338149	52
	195	**124**	**319**	**147378058**	**142**	**105**	**257**	**83276254**	**56.5**

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	100	1043455	1043555	1043555	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	38879154	38879154	38879154	0
ആകെ	100	39922609	39922709	39922709	0

1-7 ക്ഷേമ പദ്ധതികൾ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക
വാർദ്ധക്യകാല പെൻഷൻ	1749	35341900
വിധവാ പെൻഷൻ	629	13541900
കർഷക തൊഴിലാളി പെൻഷൻ	366	9140000
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	199	4573900
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	7	168000

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.7.2025-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3702/- (മൂവായിരത്തി എഴുനൂറ്റി രണ്ട്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ആയത് യഥാമസയം പ്രസിഡന്റ് അംഗീകരിക്കുന്നുമുണ്ട്. തനത് ഫണ്ട് വളരെ കുറവുള്ള പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുന്നില്ല. വന പ്രദേശത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശത്ത് ടൂറിസം പദ്ധതികൾക്ക് അനന്തമായ സാദ്ധ്യതയുള്ളത് പ്രയോജനപ്പെടുത്തുന്നില്ല. ചെലവ് ശതമാനം ആശാവഹമാണ് എന്ന് പറയുമ്പോൾ തന്നെ ആശ്രയ പദ്ധതി പോലുള്ള പദ്ധതികൾക്ക് പഞ്ചായത്ത് വിഹിതം നൽകാത്തത് ഗൗരവമുള്ള വിഷയമാണ്. മരാമത്ത് പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ പരമാവധി നീട്ടി മാർച്ച് മാസത്തിൽ നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	*ഓഡിറ്റ് നടത്തിയ തീയതി*	*ഓഡിറ്റ് കാലയളവ്*	*റിപ്പോർട്ട് ലഭിച്ച തീയതി*
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.1.2018	2012-13 മുതൽ 2016-17 വരെ	9.3.2018
പെർഫോമൻസ് ഓഡിറ്റ്	10.3.2022	2/2022	8.6.2022

1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

1) കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	സ്റ്റാർ മെഡിക്കൽ സെന്റർ	2
2	വി കെയർ സ്പെഷ്യാലിറ്റി ക്ലിനിക്	5
3	തണ്ണിത്തോട് ഇൻഡേൻ ഗ്രാമീൺ വിതരക്	3
4	സപ്ലൈകോ മാവേലി സ്റ്റോർ	4
5	ഫ്രണ്ട്സ് വെൽഡിംഗ് വർക്ക്സ്	3
6	ക്വാളിറ്റി ഫുഡ് ഹബ്	3

2) കെ.എസ്.ഇ.ബി തണ്ണിത്തോട് സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായിട്ടില്ല.

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/30.07.2025) മറുപടി

ലഭിച്ചില്ല. മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-12 അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചു

തണ്ണിത്തോട് വില്ലേജിൽ ബ്ലോക്ക് നം. 1-ൽ സർവ്വേ നം. 81/2-1, 84/2-2 എന്നിവയിലുള്ള 4444 ച.മീ. പ്ലോട്ടിൽ 230 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. പോൾ വി. ജോർജ്ജ്, വാലുമണ്ണിൽ, തണ്ണിത്തോട് എന്ന വ്യക്തിയ്ക്ക് 02.06.2018-ൽ എ2-ബി.എ(136178)/2018 നമ്പറായി പെർമിറ്റ് അനുവദിച്ചിരുന്നു. 19.12.2023-ൽ പ്രസ്തുത പെർമിറ്റ് റിന്യൂ ചെയ്ത് 05.07.2028 വരെ കാലാവധി പുതുക്കി നൽകുകയും ചെയ്തു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 20.10.2024-ൽ ഒക്യുപ്പൻസി അനുവദിച്ച് 2/292B എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നില	വിസ്തീർണ്ണം (ച.മീ.)
തറനിരപ്പ് നില	155.67
ഒന്നാം നില	95.89
രണ്ടാം നില (സ്റ്റെയർ കാബിൻ)	9.45
ആകെ	261.01

പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 31.01ച.മീ. ക്രമവത്ക്കരിച്ചാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്.

പ്ലോട്ടിൽ 140.40 ച.മീ. വിസ്തീർണ്ണമുള്ള ഒരു പാർപ്പിട കെട്ടിടം (2/291) നിലവിലുള്ളതായി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 40 ച.മീ. മാത്രമാണ്. 100.40 ച.മീ. അസ്സസ്സ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ച് നിയമാനുസൃതമാക്കാതെയാണ് പുതിയ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 3(1)(d) പ്രകാരം സൈറ്റും അതിൽ നിലവിലുള്ള കെട്ടിടങ്ങളും നിയമാനുസൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ, പരിവർത്തനമോ നടത്തുന്നതിനും പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളു. അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/01.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഒക്യുപ്പൻസി അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലും അപാകതകൾ

തണ്ണിത്തോട് വില്ലേജിൽ ബ്ലോക്ക് നം. 1-ൽ സർവ്വേ നം. 228/1, 228/1-1, 228/1-2 എന്നിവയിലുള്ള 28 ആർ പ്ലോട്ടിൽ 1304.35 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി ശാന്തമ്മ രാജു, പാണംതലയ്ക്കൽ, തണ്ണിത്തോട് എന്ന വ്യക്തിയ്ക്ക് 13.07.2022-ൽ എ2-ബി.എ(231654)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. കെട്ടിട നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 28.02.2024-ൽ 451/A, 451/B എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നമ്പറുകൾ സ്പ്ലിറ്റ് ചെയ്ത് പുതിയ നമ്പർ അനുവദിക്കുന്നതിന് 22.03.2025-ൽ ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭാഗികമായി പൂർത്തിയാക്കിയ കെട്ടിട ഭാഗത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നില	വിസ്തീർണ്ണം(ച.മീ.)	റിമാർക്ക്സ്
സെല്ലാർ	197.69	പാർക്കിംഗ്
തറനിരപ്പ് നില	510.27	451/A- 448.06ച.മീ. 451/B- 62.21 ച.മീ.
ഒന്നാം നില	54.62	ടോയ്ലറ്റ് & സ്റ്റെയർ

രണ്ടാം നില	42.10	സ്റ്റെയർ
ആകെ	**804.68**	

കെട്ടിടത്തിന്റെ അസ്സസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തറനിരപ്പ് നിലയിൽ നിർമ്മാണം പൂർത്തിയാക്കിയ 510.27 ച.മീ. മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. ഒന്നാം നിലയിലും രണ്ടാം നിലയിലുമായി നിർമ്മാണം പൂർത്തിയാക്കിയ 96.72ച.മീ. അസ്സസ്സ് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

2. പ്ലോട്ടിൽ 80.33ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടവും (11/455), 293.96ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളും (11/448, 449, 450, 451, 452) നിലവിലുള്ളതായി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 241 ച.മീ. മാത്രമാണ്. 52.96 ച.മീ. അസ്സസ്സ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ച് നിയമാനുസൃതമാക്കാതെയാണ് പുതിയ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിട്ടുള്ള തെന്ന് കാണുന്നു. 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 3(1)(d) പ്രകാരം സൈറ്റും അതിൽ നിലവിലുള്ള കെട്ടിടങ്ങളും നിയമാനുസൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളിൽ കൂടിച്ചേർക്കലോ, പരിവർത്തനമോ നടത്തുന്നതിനും പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

3. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതിലും അപാകതകളുണ്ട്. പഞ്ചായത്തിലെ പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന 241 ച.മീ. വിസ്തീർണ്ണമുള്ള ടി. കെട്ടിടം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ (കോന്നി-തണ്ണിത്തോട് റോഡ്) നിന്നും പ്രവേശന മാർഗ്ഗമുള്ളതും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുന്നതുമാണ്. എന്നാൽ കെട്ടിടത്തിലെ വിവിധ മുറികൾക്ക് കെട്ടിടം സ്ഥിതിചെയ്യുന്ന മേഖലയും പ്രവേശന മാർഗ്ഗമുള്ള റോഡിന്റെ തരവും പലതായി രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം.	വിസ്തീർണ്ണം(ച.മീ.)	ഉപയോഗ ക്രമം	മേഖല	റോഡ്
11/448	85.8	വാണിജ്യാവശ്യത്തിമുള്ള 100ച.മീ. വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ	പ്രഥമം	1.5മീറ്ററിൽ കൂടുതൽ 5മീ. വരെ
11/449	25.1	“	തൃതീയം	“
11/450	25.1	“	തൃതീയം	“
11/451	72.3	“	പ്രഥമം	“
11/452	32.7	“	തൃതീയം	1.5മീറ്ററിൽ കുറവ്
ആകെ	241			

11/448, 11/451 നമ്പർ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല പ്രഥമം ആണെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയ്ക്കും അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവ് ലഭിച്ചിട്ടുണ്ട്. ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് ഇത്തരത്തിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ കുറവുണ്ടാകാൻ ഇടയായിട്ടുണ്ട്. ആയത് ആവർത്തന സ്വഭാവത്തിലുള്ളതുമാണ്. ടി. കെട്ടിടങ്ങളുടെ നിലവിലെ നികുതിയും യഥാർത്ഥത്തിൽ ലഭിക്കേണ്ട തുകയും ചുവടെ ചേർക്കുന്നു.

കെട്ടിട നം.	വിസ്തീർണ്ണം (ച.മീ.)	നിലവിലെ നികുതി		യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത്	
		നിരക്ക്	ആകെ നികുതി	നിരക്ക്	ആകെ നികുതി
11/448	85.8	40	2651	70	7285
11/449	25.1	40	776	70	2132

11/450	25.1	40	776	70	2132
11/451	72.3	40	2123	70	5833
11/452	32.7	40	824	70	2639
ആകെ	**241**		**7150**		**20021**

നികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം ടി. കെട്ടിടത്തിന്റെ ആകെ അടിസ്ഥാന നികുതിയിൽ 12871/- (20021-7150) രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

പുതിയ കെട്ടിടത്തിന് പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതിലെയും പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 13/01.08.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തെറ്റായി നികുതി നിർണ്ണയം നടത്തിയത് മൂലമുണ്ടായ നഷ്ടം, നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ട തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തി അറിയിക്കേണ്ടതാണ്

1-14 അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ ഹോം സ്റ്റേ പ്രവർത്തിപ്പിക്കുന്നു

പഞ്ചായത്തിലെ 12-ാം വാർഡിൽ തണ്ണിത്തോട് മൂഴിയിൽ എസ്.എൻ.ഡി.പി. തണ്ണിത്തോട് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള 372, 373, 374, 375 നമ്പർ വാണിജ്യ കെട്ടിടങ്ങളോടനുബന്ധമായി ഒന്നാം നില നിർമ്മിച്ച് ശ്രീനാരായണ ഹോംസ്റ്റേ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത അധിക നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. കെട്ടിടത്തിന്റെ അസ്സസ്സ്മെന്റ് വിവരങ്ങൾ ലഭ്യമാക്കുന്നതിന് 32/04.08.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തറനിരപ്പ് നിലയിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 117.6 ച.മീറ്ററാണ് അത്രയും തന്നെ വിസ്തീർണ്ണത്തിൽ ഒന്നാം നിലയിലും നിർമ്മാണം നടത്തിയിട്ടുണ്ട്.

ഗുഗിൾ എർത്തിൽ ലഭ്യമായ സാറ്റലൈറ്റ് ചിത്രങ്ങളെ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ നിന്നും പ്രസ്തുത നിർമ്മാണം 2022-കാലഘട്ടത്തിൽ പൂർത്തിയാക്കിയിട്ടുള്ളതാണെന്ന് കാണുന്നു. ഇത്രയും വർഷങ്ങളായിട്ടും പ്രസ്തുത അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചില്ലായെന്നത് ഗൗരവകരമാണ്. പ്രസ്തുത നിർമ്മാണം ചട്ടങ്ങൾ പാലിക്കുന്നതാണെങ്കിൽ ക്രമവത്ക്കരിക്കേണ്ടതും അല്ലാത്ത പക്ഷം അനധികൃത നിർമ്മാണമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് നിർമ്മാണം പൂർത്തിയായ തീയതി മുതലുള്ള നികുതി കുടിശ്ശികയും ഈടാക്കേണ്ടതാണ്.

1-15 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

തണ്ണിത്തോട് വില്ലേജിൽ ബ്ലോക്ക് നം.1-ൽ സർവ്വേ നം. 219/1-3-ലുള്ള 411 ച.മീ. പ്ലോട്ടിൽ ശ്രീ ജിനു മാത്യു , ശ്രീമതി റിൻസി ആൻ രാജു, ഓലിപ്പാട്ട് വീട്, തണ്ണിത്തോട് എന്നിവർ പെർമിറ്റ് (എ2-ബി.എ.(108006)/2023/18.032023) എടുത്ത് നിർമ്മാണം പൂർത്തിയാക്കിയ 211.55 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടത്തിന് 04.10.2024-ൽ ഒക്യുപ്പൻസി അനുവദിച്ച് വസ്തു നികുതി നിർണ്ണയിക്കുകയും 13/466/C എന്ന കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് തണ്ണിത്തോട് ജംഗ്ഷൻ-അഞ്ചുകുഴി റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുണ്ട്. ടി. റോഡിന്റെ വീതി 8 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. 5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/01.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിച്ച് കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും, കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരുന്ന റോഡിന്റെ വീതി കുറച്ചുകാണിച്ചു നികുതി നിർണ്ണയിച്ച ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടേണ്ടതുമാണ്.

1-16 പഞ്ചായത്തിന് തൊട്ടടുത്ത് അനധികൃത കെട്ടിടത്തിൽ ഹോട്ടൽ പ്രവർത്തിക്കുന്നു

തണ്ണിത്തോട് ജംഗ്ഷനിൽ ക്വാളിറ്റി ഫുഡ് ഹബ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നുള്ള പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയുടെ അനുമതിയില്ലാതെ ഒരു കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, വികസിപ്പിക്കുകയോ, വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 32/04.08.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ ഹോട്ടൽ പ്രവർത്തിപ്പിച്ചു വന്നതിനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

അനധികൃത നിർമ്മാണം ചട്ടങ്ങൾ പാലിക്കുന്നതാണെങ്കിൽ ക്രമവത്ക്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃതമല്ലാത്ത കെട്ടിടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഹോട്ടലിനെതിരെ അടിയന്തിര നടപടി സ്വീകരിക്കേണ്ടേതാണ്.

1-17 വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗ ക്രമത്തിലും മറ്റും മാറ്റം വരുത്തുക , സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും പല കെട്ടിടങ്ങളുടെയും നിലവിലെ

അവസ്ഥ വ്യത്യസ്തമായതിനാൽ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത് , ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്ക്കർഷിച്ചിരുന്നു. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ(സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിലെ 13-ാം വാർഡിലെ കുറച്ച് കെട്ടിടങ്ങളുടെ വിവരങ്ങൾ ഒരാളെ നിയോഗിച്ച് ശേഖരിച്ചെങ്കിലും പിന്നീട് തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. വസ്തുനികുതി പരിഷ്ക്കരണ നടപടികളുടെ പുരോഗതി അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (15/02.08.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനമില്ലാതെ ദൈനംദിന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന പഞ്ചായത്ത് വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ട തുക ഈടാക്കിയെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല. വസ്തുനികുതി പരിഷ്ക്കരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ലൈബ്രറി സെസ്സ് അടവാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയോടൊപ്പം പിരിക്കുന്ന ലൈബ്രറി സെസ്സ് തുകയുടെ ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടയ്ക്കേണ്ടതാണ്. എന്നാൽ 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് പഞ്ചായത്ത് അടച്ചിട്ടില്ല. നിലവിൽ ടിയിനത്തിൽ 321307 രൂപ അടയ്ക്കാനവശേഷിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/26-07-25) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ലൈബ്രറി സെസ് അടവാക്കുവാൻ അവശേഷിക്കുന്ന തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 വനിതകൾക്ക് യോഗ പരിശീലനം - പരിശീലകയ്ക്ക് അധിക തുക നൽകി

പ്രോജക്ടിന്റെ പേര്, നമ്പർ	വനിതകൾക്ക് യോഗ പരിശീലനം (167/25)
വകയിരുത്തൽ	₹100000 (വികസന ഫണ്ട്- ജനറൽ) ₹44000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹5600 ട്രഷറി ബിൽ നം. 2405105201590 1125912/4.1.2025 ₹12000 PFMS No. R022502/11.2.2025 ₹12000 PFMS No. R032503/11.3.2025

ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി വനിതകൾക്ക് യോഗ പരിശീലനം എന്ന പദ്ധതി ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ശ്രീമതി പ്രജിത പ്രസാദിനെ യോഗ പരിശീലകയായി നിയമിച്ചു. സ.ഉ(സാധാ.) 3190/17/ത.സ്വ.ഭ.വ തീയതി 3.10.2017 ഉത്തരവ് പ്രകാരം യോഗ പരിശീലകർക്ക് പ്രതിദിനം 400 രൂപ എന്ന ക്രമത്തിൽ പ്രതിമാസം പരമാവധി 12000 രൂപ ഓണറേറിയമായി നൽകാവുന്നതാണ്. ശ്രീമതി പ്രജിത പ്രസാദിന് ഫെബ്രുവരി 2025-ൽ 12000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 28 ദിവസത്തെ പരിശീലനത്തിന് ടിയാൾക്ക് അർഹതയുള്ളത് 11200 രൂപയാണ്. അധികമായി 800 രൂപ നൽകിയതിന്റെ കാരണം ബോധിപ്പിക്കണം എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/2.8.2025) മറുപടിയായി അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിന് നൽകേണ്ടതാണ്.

1-20 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിൽ നിന്നും ഓഡിറ്റ് കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേരും വിലാസവും	പെൻഷൻ തരം, പെൻഷൻ ഐഡി.	മരണപ്പെട്ട തീയതി	പെൻഷൻ വിതരണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകത
1	ദാമോദരൻ, ഓലിയ്ക്കൽ, മണ്ണീറ	വാർദ്ധക്യകാല പെൻഷൻ 104110200048	04.03.2024	ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും 2024 മെയ് മാസം വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. മസ്റ്ററിംഗ് ചെയ്യാത്തതിനാൽ പിന്നീടുള്ള പെൻഷൻ വിതരണം ചെയ്തില്ല. 07.02.2025-ൽ മാത്രമാണ് പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളത്. ടി. കാലയളവിൽ ആകെ 8000 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
2	പൊന്നമ്മ, കാഞ്ഞിരം നിൽക്കുന്നതിൽ, പാറക്കുളം, തേക്കുതോട്	വാർദ്ധക്യകാല പെൻഷൻ 104110200389	14.05.2025	ഗുണഭോക്താവ് മരണപ്പെട്ടതിനാൽ 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സംസ്ഥാന വിഹിതം കൈമാറിയിട്ടില്ല. എന്നാൽ യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാഞ്ഞതിനാൽ ടി. കാലയളവിലെ കേന്ദ്രവിഹിതം 1000 രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്.
3	ഭവാനി,കിഴക്കേ ചരുവിൽ, കരിമാൻതോട്	വാർദ്ധക്യകാല പെൻഷൻ 104110200494	11.03.2025	ഗുണഭോക്താവ് മരണപ്പെട്ടതിനാൽ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലെ സംസ്ഥാന വിഹിതം കൈമാറിയിട്ടില്ല. എന്നാൽ യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാഞ്ഞതിനാൽ 2025 ജനുവരി മാസത്തിലെ കേന്ദ്രവിഹിതം 500 രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് 16/02.08.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ് ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിനെ അറിയിക്കാതെ അനന്തരാവകാശികൾ സർക്കാരിനെ

കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരികെപ്പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന് 22.11.2024-ലെ 65/2024/ധന സർക്കുലറിലൂടെ വ്യക്തത വരുത്തിയിട്ടുമുണ്ട്. അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024-ലെ 71/2024/ധന, 31.01.2025-ലെ 07/2025/ധന എന്നീ സർക്കുലറുകളിലൂടെ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് 12.08.2021-ൽ 63/2021/ ധന നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഓഡിറ്റ് കണ്ടെത്തിയ 9500 രൂപ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-21 അങ്കണവാടികളിൽ ന്യൂട്രീ ഗാർഡൻ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പദ്ധതിയുടെ പേരും നമ്പരും	വകയിരുത്തിയ തുക	ചെലവഴിച്ച തുക
അങ്കണവാടികളിൽ ന്യൂട്രീ ഗാർഡൻ തയ്യാറാക്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 75000	ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 12600
ആകെ	**75000**	**31250**

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടികളിൽ ന്യൂട്രി ഗാർഡനുകൾ തയ്യാറാക്കുന്നതിന് 75000 രൂപ വകയിരുത്തി പദ്ധതി (325/2025) ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം തണ്ണിത്തോട് കാർഷിക കർമ്മസേനയിൽ നിന്നും 4200 എണ്ണം ഹൈബ്രിഡ് പച്ചക്കറി തൈകൾ വാങ്ങി 21 അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു അങ്കണവാടിയ്ക്ക് 200 പച്ചക്കറി തൈകൾ വീതം വിതരണം നടത്തിയതായുള്ള സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിപക്ഷം അങ്കണവാടികളിലും പച്ചക്കറി തൈകൾ നടുന്നതിനുള്ള സ്ഥലസൗകര്യമില്ല, കൂടാതെ അങ്കണവാടികളിൽ മിക്കതിന്റെയും മുറ്റം കോൺക്രീറ്റ് ചെയ്തതോ, തറയോടു പാകിയതോ ആണ്. ഇത്തരം സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ഒരു അങ്കണവാടിയിൽ 200 പച്ചക്കറി തൈകൾ നട്ട് പരിപാലിക്കുക എന്നത് അപ്രായോഗികമാണ്. മാത്രമല്ല തൈകൾ നടുന്നതിന് ഗ്രോ ബാഗുകളോ, ചട്ടിയോ നൽകിയിട്ടുമില്ല. മറ്റ് ഉൽപ്പാദനോപാധികൾ നൽകാതെ തൈകൾ മാത്രം നൽകി പദ്ധതി നടപ്പിലാക്കിയത് മൂലം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറപ്പെടാതെ പോകുന്നതിന് ഇടയാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/02.08.25) കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അങ്കണവാടികളിൽ സന്ദർശനം നടത്തി പരിശോധിച്ചെങ്കിലും ഗ്രോബാഗിലും ചാക്കിലും മറ്റുമായി ഒന്ന് രണ്ട് പച്ചക്കറി തൈകൾ പരിപാലിച്ചിട്ടുള്ളത് മാത്രമാണ് കാണാൻ കഴിഞ്ഞത്. നടാൻ സ്ഥല സൗകര്യമില്ലാത്തതിനാൽ തൈകൾ കുഞ്ഞുങ്ങളുടെ വീടുകളിൽ കൊടുത്ത് വിട്ടതായി അങ്കണവാടി ജീവനക്കാർ അറിയിച്ചു. വേണ്ടത്ര പരിശോധനകൾ നടത്താതെ ഇത്തരത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയത് മൂലം പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യമുണ്ടായി. പദ്ധതികളുടെ ലക്ഷ്യവും ഫലപ്രാപ്തിയും സംബന്ധിച്ച് വേണ്ടത്ര ആസൂത്രണവും പരിശോധനകളും നടത്തിയതിന് ശേഷം മാത്രം അവ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-22 ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുക - പ്രവർത്തി പൂർത്തീകരണത്തിനു ശേഷം അധികം വന്ന തുക തിരികെ ഈടാക്കിയില്ല

പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 47/24 പ്രകാരം 111000 രൂപ, 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ (300/25) പ്രകാരം 248000 രൂപ എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി വെറ്റിനറി ഹോസ്പിറ്റൽ, കുടുംബക്ഷേമ ഉപകേന്ദ്രം - കുഴൽകിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ, അനുബന്ധ പ്രവർത്തികൾ എന്നിവ ചെയ്യുന്നതിനായി സി.എഫ്.സി ഫണ്ട് ഉപയോഗിച്ച് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പ്രവർത്തികൾക്കായി ഭൂജല വകുപ്പ് പത്തംനംതിട്ട ജില്ലാ ഓഫീസറുടെ പേരിൽ നിക്ഷേപിച്ച 111000 രൂപയിൽ 95255 രൂപ ചെലവഴിച്ചതിന്റെ ബാക്കി 15745 രൂപയും, 248000 രൂപയിൽ 215714 രൂപ ചെലവഴിച്ചതിന്റെ ബാക്കി 32286 രൂപയും നാളിതുവരെ ഭൂജല വകുപ്പ് പഞ്ചായത്തിന് തിരികെ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/28-07-25) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ടി തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-23 എസ്.എസ്.കെ പദ്ധതി - വിനിയോഗ വിവരങ്ങൾ പൂർണ്ണമല്ല

പ്രോജക്ടിന്റെ പേര്, നമ്പർ	എസ്.എസ്.കെ ജനറൽ (20/25)
വകയിരുത്തൽ	₹250000 (വികസന ഫണ്ട് - എസ്.സി.പി)
ചെലവ്	₹250000 ട്രഷറി ബിൽ നം. 24051052014301017667/11.12.2024

പ്രോജക്ടിന്റെ പേര്, നമ്പർ	എസ്.എസ്.കെ പട്ടികജാതി (71/25)
വകയിരുത്തൽ	₹90000 (വികസന ഫണ്ട്- എസ്.സി.പി)
ചെലവ്	₹90000 ട്രഷറി ബിൽ നം. 24051052014300079315/18.10.2024

പ്രോജക്ടിന്റെ പേര്, നമ്പർ	എസ്.എസ്.കെ പട്ടികവർഗ്ഗം (72/25)
വകയിരുത്തൽ	₹33265 (വികസന ഫണ്ട് - റ്റി.എസ്.പി)
ചെലവ്	₹33265 ട്രഷറി ബിൽ നം. 24051052014300793149/19.10.2024

ഗവ. വെൽഫയർ യു.പി.എസ് പ്രധാനാദ്ധ്യാപകൻ നിർവ്വഹിച്ച മേൽ സൂചിപ്പിച്ച പദ്ധതികൾ സംബന്ധിച്ച് പുവടെ പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു-

1. പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾക്ക് തുക വകയിരുത്തി ചെലവഴിച്ചതിന് ആധാരമാക്കിയ വിദ്യാർത്ഥികളുടെ (പട്ടികജാതി, പട്ടികവർഗ്ഗ) എണ്ണം നിശ്ചയിച്ചതിന്റെ രേഖയില്ല. ഇതിനാധാരമായ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (17/2.8.2025) മറുപടിയായി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ 631 വിദ്യാർത്ഥികളിൽ യഥാക്രമം 126 (20%) എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും, 17 (2.7%) എണ്ണം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. ഈ പദ്ധതിയുടെ ആകെ ചെലവിന്റെ (മൂന്ന് പ്രോജക്ടിലും കൂടി ആകെ 373265) യഥാക്രമം 24.1 ശതമാനവും 8.9 ശതമാനവും എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകൾ ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഗുണഭോക്താക്കളുടെ ആനുപാതികമായ ഫണ്ടുകൾ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ചെലവാക്കിയ തുകയുടെ വിശദമായ (ഓരോ ഇനം തിരിച്ചുള്ള) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (17/2.8.2025) മറുപടിയായി 223868.4 രൂപയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം നൽകിയത് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

പ്രോജക്ടിന്റെ കൃത്യമായ മോണിട്ടറിംഗ് നടക്കാത്തതാണ് മേൽ സൂചിപ്പിച്ച അപാകതകൾക്ക് കാരണം. പ്രോജക്ടുകളുടെ യഥാസമയ മോണിട്ടറിംഗ് ബന്ധപ്പെട്ട സ്ഥിരം സമിതികൾ ഉറപ്പുവരുത്തേണ്ടതാണ് എന്ന്

നിർദ്ദേശിക്കുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക **373265 രൂപ** തടസ്സപ്പെടുത്തുന്നു.

1-24 ഭാഗീകമായി നടപ്പിലാക്കിയ പ്രോജക്ടുകൾ പൂർത്തീകരിക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ചുവടെ പറയുന്നവയ്ക്ക് പാർട്ട് പേയ്മെന്റ് നൽകി ഭാഗീകമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ക്രമ നം.	*പ്രോജക്ടിന്റെ പേര്, നമ്പർ*	*വകയിരുത്തിയ തുക*	*പാർട്ട് പേയ്മന്റായി നൽകിയ തുക*
1	കരിമാൻതോട് താഴെപൂച്ചകുളം റോഡ് നവീകരണം (334/25)	300000	107991
2	MCF നിർമ്മാണം അനുബന്ധ പ്രവർത്തനങ്ങൾ തേക്കുതോട് (264/25)	500000	361263
3	മാർക്കറ്റ് മൂപ്പുക്കാട്ടിൽപടി റോഡ് സംരക്ഷണഭിത്തി മെയിന്റനൻസ് (44/25)	460000	266116
4	ഓമല്ലൂർ പടി മുതൽ കരിക്കണ്ടത്തിൽ പടി റോഡ് സംരക്ഷണഭിത്തി ഐറിഷ് ഓട (94/25)	410000	85000
5	മണിമരുതികൂട്ടം കുമാരിഭവനം പടി കലുങ്ക് സൈഡ് കെട്ട് കോൺക്രീറ്റിംഗ് (263/25)	499918	253940
6	സ്റ്റേഡിയം അപ്രോച്ച് റോഡ് നിർമ്മാണം മേടപ്പാറ അഞ്ചുക്കുഴി റോഡ് നവീകരണം റ്റി വി റോഡ് നവീകരണം (265/25)	544535	151224
7	ഇലവുങ്കൽ പട്ടികവർഗ്ഗ കോളനി പ്രതിഭ കേന്ദ്രം നവീകരണം (17/25)	150000	100108
8	കുടുംബാരോഗ്യ കേന്ദ്രം ഉപകേന്ദ്രം അനുബന്ധ പ്രവർത്തികൾ (262/25)	250000	54259
9	ഇടക്കുളം പാലമൂട്ടിൽപടി റോഡ് വട്ടപ്പറമ്പിൽ പടി കോൺക്രീറ്റിംഗ് (166/25)	184000	154110
10	മിനി എം.സി.എഫ് (37/25)	800000	262902
11	കരിമാൻതോട് പൂച്ചക്കുളം അഴുക്കുചാൽ നിർമ്മാണം (248/25)	200000	107991
12	ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണം പ്ലാന്റേഷൻ ഉപകേന്ദ്രം തേക്കുതോട് (332/25)	2775000	94614
13	തേക്കുതോട് മൂർത്തിമൺ റോഡ് നവീകരണം (247/25)	300000	272666

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/2.8.2025) മറുപടിയായി 94, 263, 17, 247 എന്നീ പ്രോജക്ടുകൾ പൂർത്തീകരിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. 334, 44, 262, 166, 248, 332 എന്നീ പ്രോജക്ടുകളുടെ ബാക്കിയുള്ള പ്രവൃത്തികൾ നടന്നു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള മൂന്ന് പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റിൽ റിവിഷൻ നടത്തിയുണ്ടെന്നും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുമുണ്ട്. എല്ലാ പ്രോജക്ടുകളും 2025-26-ൽ സ്പിൽ ഓവാറാക്കി ആവശ്യമായ തുക വകയിരുത്തിയിട്ടുമുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 കന്നുകുട്ടി പരിപാലനം - ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചില്ല

കന്നുകുട്ടി പരിപാലന പദ്ധതിയിൽ എൻറോൾ ചെയ്യുന്ന നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് 32 മാസം വരെ ഇൻഷ്വറൻസും കാലിത്തീറ്റയും ഏർപ്പെടുത്തുന്നതിനാണ് പദ്ധതി

പ്രകാരം തുക വകയിരുത്തിയത്. ഒരു യൂണിറ്റിന് ആകെ ചെലവാകുന്ന 25,000 രൂപയിൽ 6250 രൂപ പദ്ധതിവിഹിതം, 6250 രൂപ സംസ്ഥാന വിഹിതം, 12,500 രൂപ ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) എന്നിങ്ങനെയാണ് വകയിരുത്തേണ്ടത്.

2021-22 സാമ്പത്തിക വർഷം രൂപീകരിച്ചിട്ടുള്ള പദ്ധതിയിൽ 106 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ എന്റോൾ ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതം ലഭ്യമല്ലാത്തതിനാൽ ആയതുകൂടി ചേർത്ത് 12,500 രൂപയാണ് പദ്ധതി വിഹിതമായി ഒടുക്കിയിട്ടുള്ളത്. പദ്ധതിയുടെ ആകെ ചെലവ് തുക 13,25,000 രൂപ (ബിൽ നം. 15/18.03.22) ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസറുടെ പേർക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അനുസരിച്ച് മൂന്ന് മാസം തുടർച്ചയായി കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് പുറത്താകുന്നതാണ്.

7 ഗുണഭോക്താക്കൾ തുടർച്ചയായ 3 മാസങ്ങളിൽ കാലിത്തീറ്റ കൈപ്പറ്റാത്തതിനാൽ പദ്ധതിയിൽ നിന്ന് പുറത്തായിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് വേണ്ടി ഒടുക്കിയിട്ടുള്ള തുകയിൽ, കാലിത്തീറ്റ വാങ്ങിയ ഇനത്തിൽ ഈടാക്കിയ തുക കിഴിച്ച് അവശേഷിക്കുന്ന തുക പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

എന്നാൽ പദ്ധതി പൂർത്തീകരണത്തിനു ശേഷവും ഗ്രാമപ്പഞ്ചായത്ത് ഐ.സി.ഡി.പി പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സബ്സിഡി തുകയിൽ 282275 രൂപ അവശേഷിക്കുന്നു. ഐ.സി.ഡി.പി, പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ടി തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/01-08-25) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.
മേൽ തുക തിരികെ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം

പ്രോജക്ടിന്റെ പേര്, നമ്പർ	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (140/25)
വകയിരുത്തൽ	₹400000 (റോഡിതര സംരക്ഷണ ഗ്രാന്റ്)
ചെലവ്	₹400000 ട്രഷറി ബിൽ നം. 24051052015900773068/11.10.2024

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രസ്തുത പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 4.12.2024-ന് ഹോംകോയ്ക്ക് തുക സംബന്ധിച്ച വിവരങ്ങളും മരുന്നുകളുടെ ഇൻഡന്റും അയച്ചിട്ടുണ്ട്. തുക നൽകി ഏകദേശം 9 മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കാത്തതിന്റെ കാരണം അറിയാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (20/2.8.2025) മറുപടിയായി ഈ വിഷയത്തിൽ 5,2,2025, 30.6.2025 എന്നീ തീയതികളിൽ ഹോംകോയ്ക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. മരുന്നുകൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം വകുപ്പ് തലത്തിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-27 പ്രഭാതഭക്ഷണ പരിപാടി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. ഓഡിറ്റ് വർഷം പ്രഥമാദ്ധ്യാപിക, ജി.ഡബ്ല്യു.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 67/25 നമ്പർ പ്രോജക്ട് പ്രകാരം 769216 രൂപ പ്രഭാതഭക്ഷണം നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ഈ പ്രോജക്ട് ജി.ഡബ്ല്യു.എൽ.പി.എസ്, തണ്ണിത്തോട് എന്ന സ്കൂളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ.)84/22/തസ്വഭവ തീയതി 19.4.2022) 8.8.3(2)(i) പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണ വിതരണ

പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ പ്രദേശങ്ങളിലെ സ്കൂളുകളിൽ ഈ പ്രോജക്ട് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. അധ്യാപക-രക്ഷകർതൃ സമിതിയുടെ ചുമതലയിൽ നടത്താവുന്ന പ്രോജക്ടിന് സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കാവുന്നതാണ്. സർക്കാർ സ്കീളുകളിലെ യു.പി വിഭാഗം വരെയുള്ള അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ഉറപ്പാക്കിയതിന് ശേഷം പദ്ധതി എയ്ഡഡ് സ്കുളുകളിലേക്കും നടപ്പാക്കാവുന്നതാണ്. ഈ വിഷയം 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടും അനുകൂലമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ മറ്റ് സർക്കാർ സ്കൂളുകളിലേക്കും പ്രഭാതഭക്ഷണ വിതരണ പരിപാടി വ്യപിപ്പിക്കാനുള്ള സാദ്ധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

1-28 അഗതിരഹിത കേരളം പദ്ധതിയ്ക്ക് വകയിരുത്തിയ തുക ചെലവഴിച്ചില്ല

2024-25 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 100000 രൂപ വകയിരുത്തി ആശ്രയ പദ്ധതി (108/25) ആവിഷ്ക്കരിച്ചിരുന്നു. എന്നാൽ പദ്ധതിയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.84/2022/ ത.സ്വ.ഭ.വ തീയതി: 19.04.2022) ഖണ്ഡിക 5.2.(എ)(5) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വിഹിതം നൽകി നടപ്പാക്കേണ്ടത് അനിവാര്യമായ പദ്ധതിയാണ്. അഗതിരഹിത കേരളം പദ്ധതിയിൽ 2024-25 വർഷം കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. 2024 ഏപ്രിലിലും സെപ്റ്റംബറിലും മൂന്ന് മാസത്തെ വീതം ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുകയും ഒരു ഗുണഭോക്താവിന് വീടിന്റെ സംരക്ഷണ ഭിത്തി കെട്ടുന്നതിന് 117500 രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ് ആകെ നടന്ന പ്രവർത്തനം. മറ്റുള്ള മാസങ്ങളിൽ ഭക്ഷണകിറ്റ് വിതരണം നടത്തുകയോ അഗതികുടുംബങ്ങളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അശരണരും നിരാലംബരുമായ 133 അഗതി കുടുംബങ്ങൾ പദ്ധതിയിൽ ഗുണഭോക്താക്കളായുണ്ട്. അഗതികളായ ആളുകൾക്ക് വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം. 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017) പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക, റേഷൻ കടകളിൽനിന്ന് ലഭിക്കാത്ത സാധനങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുക, പോഷകാഹാര കിറ്റ് പ്രതിമാസം ലഭ്യമാക്കുക, പോഷകാഹാര കുറവുള്ള അഗതി ഉപഭോക്താക്കൾക്ക് താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ പോഷകനില തിട്ടപ്പെടുത്തുക, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം എത്തിക്കുക തുടങ്ങിയതടക്കമുള്ള നിരവധി ഭക്ഷണ വിതരണ പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ കിട്ടുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുക, സ്ഥിരമായി മരുന്നു വിതരണം ചെയ്യുക ,മെഡിക്കൽ ക്യാമ്പ് ഇൻഷുറൻസ് എന്നിവ അടക്കമുള്ള നിരവധി ആരോഗ്യ പദ്ധതികൾ, വസ്ത്രം ,പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസം, കിടപ്പാടം, ഭൂമി ,കുടിവെള്ളം ശുചിത്വ സംവിധാനം തൊഴിൽ പരിശീലനം സംബന്ധിച്ച വിവിധ പദ്ധതികൾ എന്നിവയെല്ലാം അഗതി കേരളം പദ്ധതിക്ക് വേണ്ടി നടപ്പാക്കേണ്ടതാണ്.ചലഞ്ച് ഫണ്ട് തീർന്നെങ്കിലും വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയിൽ 2123266 രൂപ പദ്ധതിയിൽ നീക്കിയിരിപ്പായുണ്ട്. ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ, പലിശയോ ലഭ്യമല്ലായെങ്കിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഏതൊരു ആവശ്യത്തിനും പൊതുവിഭാഗം വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ.) നം. 252/2017/ ത.സ്വ.ഭ.വ. തീയതി 12.12.2017) ഖണ്ഡിക 3.2.1.2-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതാണ്. വികസനഫണ്ടിന്റെ നീക്കിയിരിപ്പ് ഉപയോഗിച്ച് അഗതികുടുംബങ്ങളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ കുടുംബങ്ങളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ ആരംഭിച്ച ആശ്രയ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/04.08.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയെ ആശ്രയിച്ചു കഴിഞ്ഞുവരുന്ന അഗതികളും നിരാലംബരുമായ ആളുകളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റി നൽകാത്തത് ഖേദകരമാണ്. നിലവിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ആശ്രയ കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. പദ്ധതി നിർവ്വഹണത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും കുടുംബശ്രീ മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

1-29 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ വീട്

നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	*ഗുണഭോക്താവിന്റെ പേര്*	*നാളിതുവരെ കൈപ്പറിയ തുക*	*അവസാനമായി തുക കൈപ്പറ്റിയ തീയതി*
1	ശ്രീമതി ചന്ദ്രമതി, ശ്രീജിത്ത് ഭവൻ	300000	18/3/2024
2	ശ്രീ. രാഹുൽ എം ആർ, മണ്ണിൽ	360000	16/5/2023
3	ശ്രീമതി ശാന്തമ്മ സുകുമാരൻ	300000	1/11/2024
4	ശ്രീമതി സീന, നെടുമ്പുറത്ത്	370000	24/3/2025
5	ശ്രീമതി ശാന്തകുമാരി, താരകത്തുംമൂട്ടിൽ	200000	9/12/2024
6	ശ്രീമതി നളിനി, മണ്ണിൽകിഴക്കേതിൽ	200000	19/12/2023
7	ശ്രീ. ശിവരാമൻ, ചീക്കനാൽ	40000	3/7/2023
8	ശ്രീ. തങ്കപ്പൻ, അമ്പാട്ട് ഊഴത്തിൽ	200000	10/9/2024

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/2.8.2025) മറുപടിയായി ശ്രീമതി ചന്ദ്രമതി, ശ്രീ. രാഹുൽ എം ആർ, ശ്രീമതി ശാന്തമ്മ സുകുമാരൻ, ശ്രീമതി സീന എന്നിവരുടെ വീട് നിർമ്മാണം പൂരോഗമിക്കുന്നുണ്ടെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു. ശ്രീ. രാഹുൽ എം ആർ, ശ്രീ. തങ്കപ്പൻ എന്നിവർക്ക് വീട് നിർമ്മാണം പൂർത്തീകരിയ്ക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ശ്രീമതി നളിനി എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം തുക മകന് നൽകാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. ശിവരാമനിൽ നിന്നും നൽകിയ തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-30 കാർഷിക വിപണന കേന്ദ്രം ഉപയോഗശൂന്യമായി നിലകൊള്ളുന്നു

പഞ്ചായത്തിൽ വിഭാവനം ചെയ്ത രണ്ട് കാർഷിക വിപണന കേന്ദ്രങ്ങളിൽ ഒരെണ്ണം തേക്കുതോട് മാർക്കറ്റിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ടാമത്തെ കേന്ദ്രം പഴയ തണ്ണിത്തോട് മാർക്കറ്റിൽ ഇപ്പോഴും ജനങ്ങൾക്ക് പ്രയോജനരഹിതമായി നിലകൊള്ളുന്നു. ഓഡിറ്റ് വർഷം 1000000 രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നവീകരണത്തിന് പ്രോജക്ട് നടപ്പിലാക്കിയെങ്കിലും 600000 രൂപയുടെ മെയിന്റനൻസ് പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കായിട്ടുള്ളത്. ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ 2025-26 വർഷം പൂർത്തീകരിക്കും എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷക്കുറിപ്പിന്റെ (28/4.8.2025) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷി ഓഫീസിന് ഈ കെട്ടിടത്തിന്റെ മുകളിലത്തെ രണ്ട് മുറികൾ നൽകുന്നതാണെന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കാർഷിക വിപണന കേന്ദ്രം അടിയന്തിരമായി പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-31 പേരുവാലി കുടിവെള്ള പദ്ധതി പൂർത്തീകരണം നീളുന്നു

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവിക്കുന്ന പ്രദേശങ്ങളാണ് മണ്ണീറ, എലിമുള്ളുംപ്ലാക്കൽ എന്നിവ. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താനാണ് പേരുവാലി കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്തത് നടപ്പിലാക്കിയത്. പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 115700000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 304/22 നമ്പർ പ്രോജക്ട് പ്രകാരം 5925000 രൂപയും 305/22 നമ്പർ പ്രോജക്ട് പ്രകാരം 8541608 രൂപയും 37/23 നമ്പർ പ്രോജക്ട് പ്രാകരം 6818000 രൂപയുമുൾപ്പെടെ ആകെ 21284608 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/4.8.2025) മറുപടിയായി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിന് പ്രകാരം വാട്ടർ അതോറിറ്റി ടെണ്ടർ നടത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു എന്നറിയിച്ചിട്ടുണ്ട്, ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ട മണ്ണീറ, എലിമുള്ളുംപ്ലാക്കൽ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള പദ്ധതി എന്ന നിലയിൽ പെരുവാലി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ പഞ്ചായത്ത് നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-32 കുടിവെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക 58.55ലക്ഷം

കേരള വാട്ടർ അതോറിട്ടിയുടെ 2025 ജൂലൈ മാസത്തെ 97648/10.7.25 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം 5855194 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 36398 രൂപ തൻ മാസത്തേതും, 5706855 രൂപ കുടിശ്ശികയും, 111941 രൂപ പിഴപ്പലിശയുമാണ്. 3/2023-ൽ കുടിശ്ശിക 263822 രൂപയായിരുന്നുന്നത് ഏകദേശം രണ്ടേക്കാൽ വർഷം കഴിഞ്ഞപ്പോഴേക്കും 5855194 രൂപയായി വർദ്ധിച്ചത്.

14.3.23, 17.3.23 തീയതികളിൽ കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയതിൽ, നിലവിൽ വെള്ളക്കരം നൽകിവരുന്ന 197 ടാപ്പുകളിൽ 171 ടാപ്പുകൾ മാത്രമാണ് കണ്ടെത്താൻ സാധിച്ചതും അതിൽ തന്നെ കേവലം 30 ടാപ്പുകൾ മാത്രമാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. 6/2023 മുതൽ 171 ടാപ്പുകൾക്കായി 207466 രൂപ പ്രതിമാസം വാട്ടർ അതോറിട്ടി ഡിമാന്റ് ചെയ്തു.

പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി 10.5.23 തീയതിയിലെ DB3-695/2020-21 കത്ത് പ്രകാരം അറിയിച്ച എസ്റ്റിമേറ്റ് തുക 213800 രൂപ 3.4.2024-ൽ പഞ്ചായത്ത് ഒടുക്കു വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് എസ്റ്റിമേറ്റ് തുക ഒടുക്കു വരുത്തിയ ശേഷവും 10/24 വരെ 171 ടാപ്പുകളുടെ ചാർജ്ജും, കുടിശ്ശികത്തുകയും, കുടിശ്ശികത്തുകയുടെ 2% പിഴപ്പലിശയും ഉൾപ്പെടെ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു. 11/24 മുതൽ 30 ടാപ്പുകളുടെ ചാർജ്ജ് ഡിമാന്റ് ചെയ്തു .

നിലവിൽ 30 ടാപ്പുകളുടെ ചാർജ്ജും, കുടിശ്ശികത്തുകയും, കുടിശ്ശികത്തുകയുടെ 2% പിഴപ്പലിശയും ഉൾപ്പെടുത്തിയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നൽകുന്നത്. കുടിശ്ശികത്തുക ഒടുക്കു വരുത്തുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/25-07-25) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ വർദ്ധിച്ചു വരുന്ന കുടിശ്ശിക ബാദ്ധ്യത ഒഴിവാക്കുന്നതിനു വേണ്ടി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-33 അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 126 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും 91 എണ്ണം മാത്രമാണ് നീർവ്വഹിച്ചത്. തൻ വർഷം പുതിയതായി രൂപീകരിച്ചവയിൽ 25 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളിൽ 10 എണ്ണവുമാണ് നിർവ്വഹണം നടത്തിയത്. നിർവ്വഹിച്ച 91 പ്രോജക്ടുകളിലും 13 എണ്ണം ഭാഗികമായിട്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വകയിരുത്തിയ 47680559 രൂപയിൽ 28640852 രൂപ മാത്രമാണ് ചെലവഴിച്ചത് (60 ശതമാനം). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

ക്രമ നം.	*പ്രോജക്ടിന്റെ പേര്, നമ്പർ*	*വകയിരുത്തിയ തുക*	*ഫണ്ടിനം*
1	MCF-ൽ യന്ത്ര ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി ത്രീ ഫേസ് വയറിംഗ് (356/25)	350000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
2	മണ്ണീറ എസ്.റ്റി കോളനി ഇരുമ്പ് പാലം നിർമ്മാണം (329/25)	200000	വികസന ഫണ്ട് ജനറൽ
3	ബഥാൻ റോഡ് നവീകരണം (333/25)	844000	റോഡിതര സംരക്ഷണ ഗ്രാന്റ്
4	കരിമാൻതോട് താഴെപൂച്ചകുളം റോഡ് നവീകരണം (334/25)	300000	വികസന ഫണ്ട് ജനറൽ,റോഡിതര സംരക്ഷണ ഗ്രാന്റ്
5	മാർക്കറ്റ് റോഡ് നവീകരണം (336/25)	327000	റോഡിതര സംരക്ഷണ ഗ്രാന്റ്
6	മായപ്പടി പാറമട റോഡിൽ	150000	റോഡിതര സംരക്ഷണ

	സംരക്ഷണഭിത്തി നിർമ്മാണം (346/25)		ഗ്രാന്റ്
7	കരിമാൻതോട് പൂച്ചകുളം റോഡിൽ ഐറിഷ് ഓട നിർമ്മാണം റോഡ് മെയിന്റനൻസ് (347/25)	75000	റോഡിതര സംരക്ഷണ ഗ്രാന്റ്
8	മണ്ണീറ സെൻട്രൽ റോഡ് മെയിന്റനൻസ് (349/25)	75000	റോഡിതര സംരക്ഷണ ഗ്രാന്റ്
9	ഫ്രണ്ട് ഓഫീസ് അനുബന്ധ പ്രവർത്തനങ്ങൾ ഭിന്നശേഷി റാമ്പ് (314/25)	300000	വികസന ഫണ്ട് ജനറൽ,ധനകാര്യ കമ്മീഷൻ ഗ്രാന്റ്
10	MCF നിർമ്മാണം അനുബന്ധ പ്രവർത്തനങ്ങൾ തേക്കുതോട് (264/25)	361263	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
11	മുണ്ടപ്ളാക്കൽ പടി ശുഭാലയം പടി മെയിന്റനൻസ് (259/25)	35000	വികസന ഫണ്ട് ജനറൽ
12	90-ാം നമ്പർ അംഗൻവാടി നിർമ്മാണം (255/25)	1000000	വികസന ഫണ്ട് ജനറൽ
13	പടിഞ്ഞാറേ കാട്മുറി റോഡ് അഴുക്കുചാൽ നിർമ്മാണം (271/25)	200000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
14	മൂഴി ഫോറസ്റ്റ് സ്റ്റേഷൻ കറുകയിൽ പടി റോഡിൽ ഐറിഷ് ഓട (285/25)	86691	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
15	മൂഴിക്കൽപടി വിലങ്ങിൽപടി റോഡ് കോൺക്രീറ്റ് ഐറിഷ് ഓട (241/25)	200000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
16	പൊതു ശ്മശാനം നവീകരണം (315/25)	593090	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
17	തേക്കുതോട് എബനേസർ സ്കൂൾ റോഡ് അഴുക്കുചാൽ നിർമ്മാണം (230/25)	200000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
18	രമണിയമ്മ ചരിവുപറമ്പിൽ പടി റോഡ് ഡി.ആർ (250/25)	50100	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
19	പാറതുണ്ടിൽപടി വി.കെ പാറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (96/25)	384000	വികസന ഫണ്ട് ജനറൽ,ധനകാര്യ കമ്മീഷൻ ഗ്രാന്റ്
20	തണ്ണിത്തോട് മൂഴി അഞ്ചുമുക്ക് പട്ടേരിപ്പടി റോഡ് വശം കോൺക്രീറ്റിംഗ് (56/25)	100000	വികസന ഫണ്ട് ജനറൽ
21	വനിത കാർഷിക വിപണന കേന്ദ്രം (9/25)	1000000	വികസന ഫണ്ട് ജനറൽ
22	അംഗൻവാടി നവീകരണം (28/25)	300000	റോഡിതര സംരക്ഷണ ഗ്രാന്റ്
23	ആയുർവ്വേദ ആശുപത്രി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ (30/25)	361263	റോഡിതര സംരക്ഷണ ഗ്രാന്റ്
24	GWUPS പാചകപുര നവീകരണം (35/25)	35000	റോഡിതര സംരക്ഷണ ഗ്രാന്റ്
25	ഗ്രാമപഞ്ചായത്ത്, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ, അംഗൻവാടികൾ എന്നിവടങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ (323/25)	1000000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംസ്ഥാനാ-വിഷ്കൃത ഫണ്ട്
26	കുടുംബാരോഗ്യ കേന്ദ്രം നവീകരണം	200000	റോഡിതര സംരക്ഷണ

	(185/25)		ഗ്രാന്റ്
27	പൊതുസ്ഥലങ്ങളിൽ ബോട്ടിൽബൂത്ത് സ്ഥാപിക്കൽ അനുബന്ധ പ്രവർത്തികൾ (187/25)	86691	ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംസ്ഥാനാ-വിഷ്കൃത ഫണ്ട്
28	ദുരന്ത നിവാരണ പ്രവർത്തനങ്ങൾ (178/25)	200000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
29	കൊങ്ങിണികുന്നേൽപ്പടി പാലമൂട്ടിൽപടി സ്റ്റെപ്പ് നിർമ്മാണം (162/25)	553090	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
30	അള്ളുങ്കൽ കുരിശടി ആറ്റുവശം സ്റ്റെപ്പ് നിർമ്മാണം കൈവരി നിർമ്മാണം (164/25)	200000	വികസന ഫണ്ട് ജനറൽ,ധനകാര്യ കമ്മീഷൻ ഗ്രാന്റ്
31	ചൈൽഡ് ഫ്രണ്ടലി കോർണർ നിർമ്മാണം (170/25)	50100	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
32	ടോയിലറ്റ് നിർമ്മാണം മെയിന്റനൻസ് (171/25)	384000/-	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
33	സ്പെഷ്യൽ നീഡ് ചിൽഡ്രൻ റാമ്പ് നിർമ്മാണം (172/25)	100000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
34	സ്കൂൾ നവീകരണം അനുബന്ധ പ്രവർത്തനങ്ങൾ (113/25)	1000000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
35	ഹെൽത്ത് സബ് സെന്റർ നിർമ്മാണം മെയിന്റനൻസ് (115/25)	1000000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്

മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/2.8.2025) നൽകിയ മറുപടിയിൽ മുണ്ടപ്ലാക്കൽ പടി ശുഭാലയം പടി മെയിന്റനൻസ്, തേക്കുതോട് എബനേസർ സ്കൂൾ റോഡ് അഴുക്കുചാൽ നിർമ്മാണം, പടിഞ്ഞാറേ കാട്മുറി റോഡ് അഴുക്കുചാൽ നിർമ്മാണം, രമണിയമ്മ ചരിവുപറമ്പിൽ പടി റോഡ് ഡി.ആർ, എന്നീ പ്രവൃത്തികൾ പ്രവൃത്തി സൈറ്റ് സംബന്ധിച്ച് പ്രശ്നങ്ങൾ കാരണമാണ് ഉപേക്ഷിച്ചത് എന്ന് പറഞ്ഞിട്ടുണ്ട്. ഇത് പ്രോജക്ടിന്റെ ആസൂത്രണത്തിലുണ്ടായ ഗരുതരമായ വീഴ്ചയാണ് സൂചിപ്പിക്കുന്നത്. 14 പ്രോജക്ടുകൾ ഒന്നെങ്കിൽ പൂർത്തികരിക്കുകയോ അല്ലെങ്കിൽ പ്രവൃത്തി നടന്നു വരുകയോ ചെയ്യുകയാണ്. 4 പ്രോജക്ടുകളിൽ പ്രവൃത്തി ആരംഭിക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ, 2 പ്രവൃത്തികളിൽ റീ-ടെണ്ടർ നടത്തുകയും 5 പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവിഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രോജക്ടുകൾക്കും തൻ വർഷം തുക വകയിരുത്തിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ക്ലർക്കിന്റെ അഭാവവും ഒരു ഓവർസീയരുടെ സേവനം മാത്രമുള്ളതും ഉൾപ്പെടെ വിവിധ കാരണങ്ങളാണ് ഭൂരിഭാഗം പ്രവൃത്തികൾ മാർച്ച് മാസത്തേക്ക് നീണ്ടതും പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാഞ്ഞതും എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി വസ്തുതപരമാണെങ്കിലും പ്രവൃത്തികൾ സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ച്, ഫണ്ട് ലാപ്സാകുന്ന അവസ്ഥ ഓഴിവാക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-34 അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രോജക്ടുകൾ നടപ്പാക്കിയില്ല

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി ഏറ്റെടുത്ത ചുവടെ ചേർക്കുന്ന പ്രവർത്തികൾ നടപ്പാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്		അടങ്കൽ	ഫണ്ട് ഇനം	ആകെ ചെലവ്
108	ആശ്രയ പദ്ധതി	New	100000	വികസന ഫണ്ട് ജനറൽ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്	0
308	ബാലസഭാ പ്രവർത്തനം	SO	13000	വികസന ഫണ്ട് ജനറൽ	0
129	എസ്. സി.	New	275000	വികസന ഫണ്ട് (ജനറൽ,	0

	കുട്ടികൾക്ക് പഠനമുറി			എസ്.സി.പി)		

ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/31.07.2025) മറുപടിയായി ആശ്രയ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കുന്നതെന്നും കുടുംബശ്രി ആശ്രയ ഫണ്ടിൽ നീക്കിയിരിപ്പുള്ളതിനാലാണ് പദ്ധതി നടപ്പിലാക്കാഞ്ഞത് എന്ന വിചിത്രവും അംഗീകരിക്കാൻ കഴിയാത്തതുമായ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാലസഭാ പ്രവർത്തനങ്ങൾ പ്രോജക്ടിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും ചെലവില്ലാത്തതിനാലാണ് ഈ വർഷവും തുക ചെലവഴിക്കാതിരുന്നതെന്ന് എന്ന മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത പ്രോജക്ട് ഓഡിറ്റ് വർഷം സ്പിൽ ഓവറായി നടപ്പിലാക്കാൻ തീരുമാനിച്ചതിന് ശേഷം യാതൊരു പ്രവർത്തനവും നടത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വിഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബ്ലോക്ക് പഞ്ചായത്ത് മുഖേനയും, പട്ടികജാതി വികസന വകുപ്പ് മുഖേനയും പഠനമുറി പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നതിനാൽ പ്രസ്തുത പ്രോജക്ടിന് പഞ്ചയാത്ത് രൂപീകരിച്ച പ്രോജക്ടിൽ ഗുണഭോക്താക്കൾ ഇല്ല എന്നും അറിയിച്ചിട്ടുണ്ട്. ഇത് എസ്.സി.പി ഫണ്ട് ഉൾപ്പെടെ ലാപ്സാകാൻ കാരണമായിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി പ്രോജക്ടുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തികാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഭരണസമിതിയോട് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-35 ഹെൽത്ത് ഗ്രാന്റ്- അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV/FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

<u>ഗ്രാമീണ മേഖല</u>

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

<u>നഗര പ്രദേശം</u>

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ.

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ. (പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ.ഉ(സാധാ) നം. 2132/2022/LSGD, തീയതി 31.08.2022 ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം. 1625/2023/LSGD, തീയതി 09.08.2023 ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടിക്രമങ്ങൾ പ്രകാരം സ്കീം - 3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള

ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും, ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളത്.

ഇനം	ലഭിച്ച ഗ്രാന്റ് (2022-23)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	0	326681	326681	51423	275258
Grant For Rural Health & Wellness Centres	0	188193	188193	0	188193
Construction Of Building For PHC	0	0	0	0	0
ആകെ	0	514874	514874	51423	463451

ഇനം	ലഭിച്ച ഗ്രാന്റ് (2023-24)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	275258	675865	951123	677847	273276
Grant For Rural Health & Wellness Centres	188193	300734	488927	470650	18277
Construction Of Building For PHC	0	2814519	2814519	0	2814519
ആകെ	463451	3791118	4254569	1148497	3106072

ഇനം	ലഭിച്ച ഗ്രാന്റ് (2024-25)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	273276	283247	556523	247772	308751
Grant For Rural Health & Wellness Centres	18277	466673	484950	7350	477600
Construction Of Building For PHC	2814519	76602	2891121	94614	2796507
ആകെ	3106072	826522	3932594	349736	3582858

മേൽ കണക്കുകൾ പ്രകാരം രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ലഭ്യമായ 12.85 ലക്ഷം രൂപയിൽ 9.77 ലക്ഷം രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്. ഈ അക്കൗണ്ടിൽ 3.087 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്. ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾക്കായി ലഭിച്ച 9.55 ലക്ഷം രൂപയിൽ 4.78 ലക്ഷം

രൂപ ചെലവഴിക്കുകയും 4.76 രൂപ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

തേക്കുതോട് സബ് സെന്റർ കെട്ടിട നിർമ്മാണത്തിനായി 28.91 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി ലഭിച്ചതിൽ 94614 രൂപ വസ്തുവിന്റെ തറ ലെവൽ ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം 2021-22, 2022-23, 2024-25 സാമ്പത്തിക വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റായി ആകെ ലഭിച്ച 51.32 ലക്ഷം രൂപയിൽ 35.82 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു.

സ.ഉ (സാധാ) നം. 2132/2022/LSGD; 31.08.2022 ഉത്തരവ് പ്രകാരം 2021-22 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അറിയിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 1625/2023/ LSGD; 09.08.2023 ഉത്തരവ് പ്രകാരം 2022-23 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനു സ്കീം-3 പ്രകാരം ചെയ്യാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം താഴെ പറയും പ്രകാരമാണ്.

ക്രമ നം	ഇനം	ചെലവഴിച്ച തുക			ആകെ
		2022-23	2023-24	2024-25	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	-	-	-	-
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.		677847		677847
3	ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	51423		247772	299195
4	ഉപകരണങ്ങളുടെ മെയിന്റനൻസ്				
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	-	-	-	-
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.	-	-	-	-
	ആകെ	51423	677847	247772	977042

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ഇന്റർനെറ്റ് ചാർജ്, ബോധവൽക്കരണ ക്ലാസ്സുകൾ, ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക, എന്നീ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. എന്നാൽ നാളിതുവരെ മേൽ ഇനത്തിൽ ചെലവഴിച്ച തുകയൊന്നും തന്നെ ചിലവഴിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഏഴു സബ്സെന്ററുകൾ ഉണ്ട്. ഇവയിൽ ഏഴു സബ്സെന്ററുകളിലും ചെറിയ ടെസ്റ്റുകൾ ചെയ്യുന്നുണ്ട്. ഏഴു സബ് സെന്ററുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും മാനദണ്ഡ പ്രകാരമുള്ള 14, 64 ടെസ്റ്റുകൾ യഥാക്രമം നടത്താന്നുണ്ട്.

Construction Of Building To Health Sub Centresഎന്ന ഇനത്തിൽ തേക്കുതോട് PH സബ് സെന്റർ കെട്ടിട നിർമ്മാണത്തിനായി 07.09.2023 ൽ 28.14 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി ലഭിച്ചതിൽ 94614 രൂപ വസ്തുവിന്റെ തറ ലെവൽ ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനായി 2025-26 വർഷം പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകെ ലഭിച്ച 51.32 ലക്ഷം രൂപയിൽ 35.82 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ഈ തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കായി തുക ചെലവഴിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36 ജൽ ജീവൻ പദ്ധതി - അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽജീവൻ മിഷൻ - കേരളം

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ (കൈ) 37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ജൽജീവൻ മിഷൻ - തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്തിലെ പ്രവർത്തനങ്ങൾ

തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്തിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാദ്ധ്യമാക്കുന്നതിന് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന സംയുക്ത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 13.34 കോടി രൂപ അടങ്കൽ വരുന്ന പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനും പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട് (09.08.2021-ലെ 19(1) -ാം നമ്പർ തീരുമാനം). പദ്ധതി പ്രകാരം 2481 വീടുകൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിന് തയ്യാറാക്കിയിട്ടുള്ള 13.34 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ പഞ്ചായത്ത് വിഹിതം 15% ആയ 2.01 കോടി രൂപ നിലവിലെ ഫണ്ടിന്റെ അവസ്ഥ പരിഗണിച്ച് ഒറ്റത്തവണയായി തുക വകയിരുത്തുന്നതിന് ബുദ്ധിമുട്ടാണെന്ന് യോഗം വിലയിരുത്തിയെന്നിരുന്നാലും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ജൽജീവൻ പദ്ധതിയുമായി സഹകരിക്കുന്നതിനും 1.33 കോടി രൂപ ഗുണഭോക്തൃ വിഹിതമായും നൽകുന്നതിനും, ഡി.പി.ആർ അംഗീകരിക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്നുള്ള വിവരം വാട്ടർ അതോറിറ്റിയെ അറിയിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ സംക്ഷിപ്ത വിവരം

No. Of Villages/Habitation Under Proposed Schemes	Thannithode - 13 Wards
Population Of Proposed Panchayat (As Per 2011 Census)	13012
No. Of Households In Panchayat	3946
Per Capita Supply (Lpcd)	1688.58
Type Of Source	വിവരം ലഭ്യമല്ല
Existing No. Of Water Connections	1105
Ongoing Projects	വിവരം ലഭ്യമല്ല
No. Of Water Connections Proposed	2841
No. Of Water Connections Proposed To Implement In 2020-21	200
Total Length Of Pipeline Extension(m)	വിവരം ലഭ്യമല്ല
Benefited Population	13000
Total Estimated Cost	13.34 Crores
Agency For O&M	Kerala Water Authority

ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ

സ.ഉ (കൈ) നം.37/2020/ജ.വി.വ. തീ. 08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത്തല കർമ്മ പദ്ധതി" ചുവടെ ചേർക്കുന്നു.

<u>നിർവ്വഹണ സഹായ ഏജൻസി</u>

ജൽജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ ജെ.ജെ.എം. പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി കുടുംബശ്രീ സി.ഡി.എസിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ 07-12-21-ൽ ഗ്രാമപഞ്ചായത്ത് ഒപ്പുവെച്ചു (എഗ്രിമെന്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല)

<u>പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ</u>

ജൽജീവൻ പദ്ധതിയിലേക്കായി നാളിതുവരെ നടപ്പാക്കിയ പ്രവർത്തന പദ്ധതി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/2024-25, തീയതി 25-07-2025) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

ജൽ ജീവൻ പദ്ധതിയിലേക്കായി ഓഡിറ്റ് വർഷം (2024-25) ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ, ടാങ്ക് നിർമ്മിക്കുന്നതിനോ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ജലജീവൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയ വീടുകളുടെ എണ്ണം, പദ്ധതി നടപ്പാക്കുന്നതിനായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകളുടെ എണ്ണം, വിസ്തൃതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതിയുടെ പുരോഗതി വിലയിരുത്തുലോ മോണിട്ടറിംഗോ നടന്നിട്ടുള്ളതോ ആയ രേഖകളുടെ അഭാവത്തിൽ അത്തരം വിലയിരുത്തൽ പഞ്ചായത്തുതലത്തിൽ നടത്തിയിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

<u>ഭാഗം -3</u>

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

<u>3-1 വനിതകൾക്ക് യോഗ പരിശീലനം - പരിശീലകയ്ക്ക് അധികം തുക നൽകി</u>

പ്രോജക്ടിന്റെ പേര്, നമ്പർ	വനിതകൾക്ക് യോഗ പരിശീലനം (167/25)
വകയിരുത്തൽ	₹100000 (വികസന ഫണ്ട്- ജനറൽ) ₹44000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹5600 ട്രഷറി ബിൽ നം. 24051052015901125912/4.1.2025 ₹12000 PFMS No. R022502/11.2.2025 ₹12000 PFMS No. R032503/11.3.2025

ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി വനിതകൾക്ക് യോഗ പരിശീലനം എന്ന പദ്ധതി ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ശ്രീമതി പ്രജിത പ്രസാദിനെ യോഗ

പരിശീലകയായി നിയമിച്ചു. സ.ഉ(സാധാ.) 3190/17/ത.സ്വ.ഭ.വ തീയതി 3.10.2017 ഉത്തരവ് പ്രകാരം യോഗ പരിശീലകർക്ക് പ്രതിദിനം 400 രൂപ എന്ന ക്രമത്തിൽ പ്രതിമാസം പരമാവധി 12000 രൂപ ഓണറേറിയമായി നൽകാവുന്നതാണ്. ശ്രീമതി പ്രജിത പ്രസാദിന് ഫെബ്രുവരി 2025-ൽ 12000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 28 ദിവസത്തെ പരിശീലനത്തിന് ടിയാൾക്ക് അർഹതയുള്ളത് 11200 രൂപയാണ്. അധികമായി 800 രൂപ നൽകിയതിന്റെ കാരണം ബോധിപ്പിക്കണം എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/2.8.2025) മറുപടിയായി അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 800 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയാക്കി നിരാകരിക്കുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
15	90500	90500	0	-

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടെ ഒഴികെ

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല					

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കോന്നി ബ്ലോക്ക് പഞ്ചായത്ത്	200000	ലൈഫ് പദ്ധതി (പട്ടികജാതി)	200000	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	71400	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ	71400	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	1081	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	1081	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	37068	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	37068	0

4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനത്തിനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	പ്രൊക്യൂർമെന്റ് ഓഫ് എൽ.ഇ.ഡി ലൈറ്റ് പ്ലേഗ്രൗണ്ട്, സ്കൂൾ (65/25)	90251	0	90251
കേരള വാട്ടർ അതോറിറ്റി	തെനയംപ്ലാക്കൽ പ്ലാന്റേഷൻ വയലുങ്കൽപടി വാട്ടർടാങ്ക് നിർമ്മാണം (156/25)	450000	0	450000
കേരള വാട്ടർ അതോറിറ്റി	ശ്രീലങ്കമുരുപ്പ് വാട്ടർടാങ്ക് നിർമ്മാണം (60/25)	601500	0	601500

ഭൂജല വകുപ്പ്	എസ്. എസ് ജംഗ്ഷൻ പാങ്ങാട്ട് പടി ഐ.എച്ച്.ഡി.പി ജംഗ്ഷൻ കുഴൽകിണർ നിർമ്മാണം (50/25)	146870	0	146870
ഭൂജല വകുപ്പ്	വെറ്ററിനറി ഹോസ്പിറ്റൽ കുടുംബക്ഷേമ ഉപകേന്ദ്രം കുഴൽകിണർ നിർമ്മാണം (300/25)	248000	0	248000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാ തിരിച്ചടവ്

വായ്പയുടെ പേര് / ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച ലോൺ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	1536834	6860000	1001930	0	7394904

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 3510 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ, തീയതി
2019-20	1-18	3510	ശ്രീ. സജി പി പി, കരാറുകാരൻ	1240500461/31.7.2024
	ആകെ	**3510**		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ്	ഇൻകം & എക്സ്പെൻഡീച്ചർ

	പ്രകാരം	പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ്	70778840	188792310
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	44301434	185448886
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	800	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക		373265

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
1-19		800	ഡോ. ആശ വി. ശശി, മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി
	ആകെ	**800**	

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	373265	ശ്രീ. ജയചന്ദ്രൻ ആർ., ഹെഡ്മാസ്റ്റർ, ഗവ. വെൽഫയർ യു.പി.എസ്, തണ്ണിത്തോട്

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ആശ വി ശശി, മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി	മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി, തണ്ണിത്തോട്	കാഞ്ഞിരംവിള വീട്, എഴുകോൺ പി.ഒ, കൊല്ലം ജില്ല – 691505
ജയചന്ദ്രൻ ഹെഡ്മാസ്റ്റർ	ഹെഡ്മാസ്റ്റർ ജി.വി.യു.പി.എസ്(റിട്ടയേർഡ്)	ജയഭവനം, വരവൂർ പുല്ലപ്രം, റാന്നി

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	റിപ്പോർട്ടിന്റെ നമ്പർ, തീയതി	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	എൽ.എഫ്.പിറ്റിഎ-പി7/203/10 തീയതി 13.1.11/22.3.12	4 (3-11,3-12,3-13,3-14)
2007-08	എൽ.എഫ്- പിറ്റിഎ-പി9/242/12 തീയതി 14.5.12/16.11.12	1 (3-5)
2009-10	എൽ. എഫ്- പിറ്റിഎ- പി 9/ 262/12 തീയതി 6-6-12	3 (3-1, 3-2, 3-3)

2013-14 &2014-15	എൽ. എഫ്-പിറ്റിഎ-പി9/929/16 തീയതി 6.2.2016	3 (2-1, 2-2, 3-4)
2015-16	കെ.എസ്.എ.പിറ്റിഎ പി9/1450/16 തീയതി 20.1.2017	2 (3-1,3-2)
2016-17	കെ.എസ്.എ.പിറ്റിഎ പി9/1133/17 തീയതി 19.10.2017	4 (3-11, 3-12, 3-18, 3-19)
2017-18	കെ.എസ്.എ.പിറ്റിഎ പി9/1626/18 തീയതി 07.1.2019	4 (2-3, 2-5, 2-10, 3-7)
2018-19	കെ.എസ്.എ.പിറ്റിഎ പി9/199/20 തീയതി 20.3.2020	8 (1-13, 1-14, 1-18, 1-21, 1-23, 1-28, 4-2, 4-3)
2019-20	കെ.എസ്.എ.പിറ്റിഎ പി9/607/21 തീയതി 1.10.2021	8 (1-15(a) ഒഴികെ, 1-18, 1-19,1-20, 1-24, 1-25, 1-26, 4-1)
2020-21	കെ.എസ്.എ.പിറ്റിഎ പി9/608/21 തീയതി 3.10.2021	9 (1-7, 1-14, 1-15, 1-16, 1-19, 1-20, 1-21, 1-24, 1-29)
2021-22	കെ.എസ്.എ.പിറ്റിഎ പി9-1311/22 തീയതി 11.1.2023	11 (1-2, 1-12, 1-13, 1-16, 1-17, 1-18, 1-19, 1-21, 1-23, 1-29, 4-2)
2022-23	കെ.എസ്.എ.പിറ്റിഎ പി9-872/23 തീയതി 16.9.2023	22 (1-14, 1-16, 1-17, 1-18, 1-19,1-20, 1-23, 1-24, 1-25, 1-26, 1-27, 1-31 മുതൽ 1-34, 1-40, 1-41, 1-43, 3-1, 3-2, 3-3, 4-2)
2023-24	കെ.എസ്.എ.പിറ്റിഎ പി9-1111/24 തീയതി 1.11.2024	23 (1-1-8, 1-1-10, 1-14 മുതൽ 1-21, 1-23, 1-25, 1-26, 1-27, 1-29 മുതൽ 1-34, 1-36, 1-37, 4-2)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 13-05-2025 and submitted on 24-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the THANNITHODE Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of THANNITHODE Grama Panchayat as on 31-03-2025

Date: 26/08/2025

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of THANNITHODE Grama Panchayat for the Year 2024-2025 .

1.Major Observations

Payment voucher- Misclassification - Part bill payments recorded in Capital work in progress head does not match with actual amount.

2.Other Observations

1. The mandatory financial statements such as notes on accounts and ratios prescribed in accounting rules are not submitted for audit.

2. Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lack of authenticated journal vouchers for supporting the adjustment entries recorded in ÂPrior Period items

4. Expenditure from various projects for asset creation not timely recorded under the head Capital Contribution using journal entries.

5. Grant liability amount for the heads 320100196- Integrated Child Development Scheme does not match with Bank account balances opened for the purpose.

6. PFMS payment amount for Swaccha Bharat Abhiyan kept as balance under the head 320100174- Swaccha Bharat Abhiyan (Rural and urban)

7. In the absence of necessary documents, the authenticity of amounts shown in 320200101- Development fund-General-Capital, 320200104- Development Fund-Central Finance Commission Grant-Basic Tax Grant, 320200113- Development Fund-Central Finance Commission Grant- Tied Grant heads in Schedule B4 could not be ascertained.

8. The amount collected as library cess has been retained as a liability without being paid to the Library council.

9. Asset register and advance register are not reliable for audit due to defective maintenance.

10. Lapses in making timely and accurate demand entries in respect of tax and non tax revenue.

11. Sanchaya DCB does not match with Financial Statements.

12. No actions taken to claim the amount transferred to RBI DEAF from SBI-SSA(67056151583) account.

13. CFC Tied and Basic Grant expenditure and balances does not match with Sulekha expenditure statement and Grant statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്